പാലക്കാട് ജില്ലയിലെ ഫിസിക്കൽ സയൻസ് അദ്ധ്യാപകർ

480 [521] ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഹൈസ്കൂളുകളിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ ഒഴിവുകൾ ധാരാളമുണ്ടായിട്ടും നിയമനം നടത്താതിരിക്കുന്നതിന്റെ കാരണമെന്ത്;

(ബി) പ്രസ്തുത ജില്ലയിൽ ഫിസിക്കൽ സയൻസ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) നിലവിലുള്ള പി.എസ്.സി. റാങ്കു ലിസ്റ്റിൽനിന്നും ഈ ഒഴിവുകളിലേക്കു നിയമനം നടത്താൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കു നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഇപ്പോൾ രണ്ടു ഒഴിവുകൾ മാത്രമേയുള്ളൂ. സ്റ്റാഫ് ഫിക്സേഷനു ശേഷമേ ഒഴിവുകൾ നികത്തുകയുള്ളു.

(ബി) 2 (രണ്ട്),

(സി) ഫിസിക്കൽ സയൻസ് അദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനുള്ള ലിസ്റ്റ് പി.എസ്.സി. തയ്യാറാക്കിക്കഴിഞ്ഞിട്ടില്ല. സ്റ്റാഫ് ഫിക്സേഷനുശേഷം ഉണ്ടാവുന്ന ഒഴിവുകൾ കൂടി തിട്ടപ്പെടുത്തിയതിനു ശേഷം അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ടി. സി. എച്ച്. അദ്ധ്യാപകർ

481 [523] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.സി.എച്ച്. അദ്ധ്യാപകരിൽ എത്രപേരെ സർവ്വീസിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ട്:

(ബി) പിരിച്ചുവിട്ടവരുടെ ഒഴിവിൽ പുതുതായി അദ്ധ്യാപകരെ നിയമിക്കരുതെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അദ്ധ്യാപകരില്ലാത്തതുകാരണം ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) 385

(ബി, സി) ഉണ്ടായിരുന്നു. എന്നാൽ ആ ഉത്തരവ് റദ്ദാക്കാനും, പിരിച്ചുവിട്ടവരുടെ ഒഴിവിൽ അവർ അപ്പീൽ നൽകിയിട്ടുണ്ടെങ്കിൽ അവയിലെടുക്കുന്ന തീരുമാനത്തിനു വിധേയമായി പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ പുതിയ നിയമനം നടത്താനും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly